10054
10/8/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ലിംഗപരിവർത്തിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയ്ക്ക് - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 493/2015/സാനീവ    തീയതി. തിരുവനന്തപുരം 03.08.2015.

---

പരാമർശം: 1) സാമൂഹ്യനീതി ഡയറക്ടറുടെ 24.06.2015 ലെ D1/27553/15 നമ്പർ കത്ത്.
2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗവും പൊതുവിൽ ഒറ്റപ്പെട്ട് കഴിയുന്നവരുമായ ലിംഗപരിവർത്തിതരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾക്ക് രൂപം നൽകി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ്/സെൽഫ് ഫൈനാൻസ് വിദ്യാലയങ്ങളിൽ 7-ാം ക്ലാസ് മുതൽ പഠിക്കുന്ന ലിംഗപരിവർത്തിതരായ വിദ്യാർത്ഥികൾക്ക് ചുവടെപ്പറയും പ്രകാരം സ്കോളർഷിപ്പ് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ക്ലാസ് | തുക |
|---|---|---|
| 1 | 7 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ ക്രമത്തിൽ 10 മാസക്കാലത്തേക്ക് | 20,00,000/- |
| 2 | +1 മുതൽ +2 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500/- രൂപ ക്രമത്തിൽ 10 മാസക്കാലത്തേക്ക് | 22,50,000/- |
| 3 | ഡിപ്ലോമ, ഡിഗ്രി, പി.ജി വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000/- രൂപ ക്രമത്തിൽ 10 മാസക്കാലത്തേക്ക് | 20,00,000/- |
| | **ആകെ** | **62,50,000/-** |

(2) പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികളിലെ ശീർഷകമായ 2235-60-200-83(പി) യിൽ ട്രാൻസ്ജെൻഡറുകളുടെ ഉന്നമനത്തിനായി വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും വഹിക്കാവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) ടി പ്രൊപ്പോസലിന് 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സംസ്ഥാനത്തെ സർക്കാർ /സർക്കാർ എയ്ഡഡ്/സെൽഫ് ഫൈനാൻസ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ് മുതൽ പഠിക്കുന്ന ലിംഗപരിവർത്തിതരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 62,50,000/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികളിലെ ശീർഷകമായ 2235-60-200-83(പി) യിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ